**ഗുണൈർഗുണാൻ സ ഭുഞ്ജാന ആത്മപ്രദ്യോതിതൈ: പ്രഭു:**
**മന്യമാന ഇദം സൃഷ്ടമാത്മാനമിഹ സജ്ജതേ (11-3-5)**
**കർമ്മാണി കർമ്മഭി: കുർവ്വൻ സനിമിത്താനി ദേഹഭൃത്**
**തത്തത് കർമ്മഫലം ഗൃഹ്ണൻ ഭ്രമതീഹ സുഖേതരം (11-3-6)**
**കർമ്മണ്യാരഭമാണാനാം ദു:ഖഹത്യൈ സുഖാ യച**
**പശ്യേത് പാകവിപര്യാസം മിഥുനീചാരിണാം നൃണാം (11-3-18)**

*അന്തരീക്ഷമുനി പറഞ്ഞു:*
ജീവാത്മാക്കളുടെ മോക്ഷത്തിനായി പരംപൊരുൾ സൃഷ്ടിപരിണാമങ്ങൾ നടത്തുന്നത് മായ എന്ന ഊർജ്ജത്തിന്റെ സഹായത്തോടെയത്രെ. പരമാവബോധമാണല്ലോ ആ പരംപൊരുൾ. ഈ വിശ്വത്തെ സൃഷ്ടിച്ച ശേഷം അതു സ്വയം സൃഷ്ടികളിലേക്കിറങ്ങിച്ചെന്ന് മനസ്സും ഇന്ദ്രിയങ്ങളും വിടർത്തി. ഇവകളിലൂടെ അന്തര്യാമി പുറംലോകത്തേയും ദ്രവ്യങ്ങളെയും ആസ്വദിക്കുന്നു. അയാൾ ചിലതരം അനുഭവങ്ങളിൽ ആകൃഷ്ടനാവുകയും ആ അനുഭവങ്ങളെ സാധിതമാക്കിത്തന്ന വസ്തുക്കളിൽ ആസക്തനും ആവുന്നു. അതിനുശേഷം അയാളുടെ കർമ്മങ്ങൾ സുഖാസ്വാദനം തേടിയുള്ളവയും അതിന്റെ പരിണിതഫലങ്ങൾ അയാൾക്ക് അനുഭവിക്കേണ്ടതായും വരുന്നു. അങ്ങിനെ അയാൾ ഈ സൃഷ്ടി ചക്രത്തിൽ നിസ്സഹായനായി വലയുന്നു. ഈ ലോകചക്രത്തിന്റെ അവസാനം നൂറുകൊല്ലം നീണ്ടു നിൽക്കുന്ന ഒരു വരൾച്ച ഉണ്ടാവും. അതിന്റെ അവസാനം വിശ്വാഗ്നിയിൽ എല്ലാം അലിഞ്ഞു ചേരും. അവസാനമായി ഒരു വിശ്വപ്രളയത്തിൽപ്പെട്ട് സകലതും മുങ്ങിപ്പോവും. സൃഷ്ടികൾ ഉൾവലിഞ്ഞ് തങ്ങളുടെ കാരണങ്ങളിലേക്ക് മടങ്ങിപ്പോവും. അവസാനം പ്രകൃതിയിൽ വിലയിക്കുകയും ചെയ്യും. ഇങ്ങിനെ മായ സൃഷ്ടിസ്ഥിതി സംഹാരങ്ങൾ നടത്തുന്നു.

പ്രബുദ്ധമുനി പറഞ്ഞു:
ഒരുവൻ അനവരതം അസന്തുഷ്ടിയെ ഒഴിവാക്കി സുഖമാസ്വദിക്കാൻ പരിശ്രമിക്കുമ്പോൾ വിപരീതഫലമാണ് അവനുണ്ടാവുന്നതെന്ന് അറിയേണ്ടതാണ്. ഇഹലോകത്തോ സ്വർഗ്ഗത്തിൽപോലുമോ നിതാന്തപരമാനന്ദം സാദ്ധ്യമല്ലതന്നെ. കാരണം വെറുപ്പിൽനിന്നും മത്സരത്തിൽനിന്നും ഭയത്തിൽനിന്നും ഉണ്ടാകുന്ന പ്രശ്നങ്ങൾ ഇവിടെയും സ്വർഗ്ഗത്തിലും ജീവിതത്തെ ബാധിക്കും. ഇതറിഞ്ഞ് വിവേകശാലിയായ ഒരുവൻ ആസക്തി വിട്ടവനും സത്യദർശിയുമായ ഒരു ഗുരുവിനെ അഭയം പ്രാപിക്കണം. ഗുരുപൂജയിലൂടെയും ഗുരുസേവയിലൂടെയും ഭഗവൽപ്രേമത്തിലേക്കുള്ള പാതയും ലൗകീക സുഖങ്ങളിലുള്ള അനാസക്തിയും മനുഷ്യബന്ധങ്ങളോടുള്ള ശരിയായ മനോഭാവവും ആത്മനിയന്ത്രണം ശീലിക്കുന്നതെങ്ങിനെയെന്നും ശുദ്ധവും ലളിതവുമായ ജീവിതം നയിക്കുന്നതെങ്ങിനെയെന്നും സകലജീവജാലങ്ങളിലും ആത്മാവിനേയോ ഈശ്വരനേയോ ദർശിക്കുന്നതെങ്ങിനെയെന്നും സ്വന്തം ജീവൻ, ആത്മത്യാഗത്തിലൂടെ ഭഗവാനർപ്പിക്കുന്ന തെങ്ങിനെയെന്നുംഷ ഭഗവൽഭക്തരെയും മറ്റുള്ളവരെയും എങ്ങിനെ സ്നേഹപൂർവ്വം പരിചരിക്കണമെന്നും, തുടർച്ചയായി ഭഗവൽകഥാകഥനവും ശ്രവണവും നടത്തേണ്ടതെങ്ങിനെയെന്നും അയാൾ പഠിക്കണം.

അങ്ങിനെയുള്ള ഭക്തൻ ഭഗവൽസ്മരണയാൽ സദാ വിലീനനായിരിക്കും. ചിലപ്പോൾ ഭഗവദ് വിരഹ ദു:ഖത്തിൽ തപിച്ചു കണ്ണീരൊഴുക്കിയും ചിലപ്പോൾ ആഹ്ലാദപ്രകടനം നടത്തിയും ഭഗവൽസാന്നിദ്ധ്യം അറിഞ്ഞ് പാടിയും ആടിയും മറ്റു ചിലപ്പോൾ ഈശ്വരസാക്ഷാത്കാരത്തിൽ സ്വയം മറന്നു ശാന്തനും നിശ്ശബ്ദനായും അയാൾ ഇരിക്കുന്നു. ആരൊരുവൻ അങ്ങിനെ ഈശ്വരഭക്തന്റെ അപ്രതീക്ഷിതവും വ്യവസ്ഥാനുസാരിയല്ലാത്തതുമായ കാര്യങ്ങളെ പഠിക്കുന്നുവോ അയാൾക്ക് ഈശ്വരപ്രേമം വർദ്ധിക്കുന്നു.